എസ് കെ പൊറ്റക്കാടിന്റെ നോർത്ത് അവന്യൂ എന്ന നോവലും ബാഫഖി തങ്ങളും

by March 26, 2020

(ഇന്ന് ചന്ദ്രിക സ്ഥാപക ദിനം. 1934 മാർച്ച് 26-ന് തലശ്ശേരിയിലാണ് ചന്ദ്രിക പിറവി കൊള്ളുന്നത്. മർദ്ദിത ന്യൂനപക്ഷത്തിന് എൺപത്തിയാറ് വർഷമായി കരുത്തുപകർന്ന ചന്ദ്രിക ദിനപത്രത്തിലൂടെയും ആഴ്ചപ്പതിപ്പിലൂടേയും വളർന്ന എഴുത്തുകാരൻ ഖത്തർ പ്രവാസിയായ മഹ്മൂദ് മാട്ടൂൽ തന്റെ ചില ഓർമ്മകൾ പങ്കുവെക്കുകയാണിവിടെ)

എസ് കെ പൊറ്റക്കാട് എന്ന സഞ്ചാര സാഹിത്യകാരൻ മുസ്ലിം ലീഗ് പിന്തുണയോടെ തലശ്ശേരിയിൽ നിന്ന് ഇന്ത്യൻ പാർലിമെന്റിലേക്ക് തെരെഞ്ഞെടുക്കപ്പെടുന്നു. വിജയിച്ചതിനു പിന്തുണ നൽകിയ ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗ് നേതാവ് സയ്യിദ് അബ്ദുറഹ്മാൻ ബാഫഖി തങ്ങളെ സന്ദർശിക്കാൻ എസ് കെ തീരുമാനിച്ചു. ഇതനുസരിച്ച് തങ്ങളുടെ അരിക്കച്ചവടത്തിന്റെ കേന്ദ്രമായ കോഴിക്കോട്ടെ പാണ്ട്യാലയിൽ എത്തി. ആഗമനോദ്ദേശമറിയിച്ച് പൊറ്റക്കാട് ബാഫഖി തങ്ങളോട് ചോദിച്ചു. ഞാൻ എന്ത് സഹായമാണ് നിങ്ങൾക്ക് ചെയ്യേണ്ടത്. തങ്ങൾക്ക് അധികം ആലോചിക്കാനുണ്ടായിരുന്നില്ല. ഉടൻ തങ്ങൾ ആവശ്യപ്പെട്ടത് ഇങ്ങിനെ.. 'നിങ്ങൾ ദൽഹിയിലെത്തിയാൽ പാർലമെന്റ് അനുഭവ പശ്ചാത്തലത്തിൽ ഒരു നോവൽ എഴുതണം. എന്നിട്ട് അത് ചന്ദ്രികക്കു നൽകണം.'. നിറഞ്ഞ സന്തോഷത്തോടെ എസ് കെ പൊറ്റക്കാട് അതേറ്റെടുത്തു. ബാഫഖി തങ്ങളോട് എസ് കെ പൊറ്റക്കാട്

നൽകിയ വാഗ്ദാനമാണ് പിന്നീട് നോർത്ത് അവന്യു എന്ന നോവലായി ചന്ദ്രിക ആഴ്ചപ്പതിൽ വെളിച്ചം കണ്ടത്.
കേരളത്തിലെ ഒരു പാട് എഴുത്തുകാരെ വളർത്തിയതിൽ ഈ പത്രം വഹിച്ച പങ്ക് ചെറുതല്ല. കേരളത്തിലെ മുതിർന്ന എല്ലാ എഴുത്തുകാരുടെയും ആദ്യ കളരി ചന്ദ്രികയാണ്. എം ടി വാസുദേവൻ നായരും എം മുകുന്ദനും തുടങ്ങി കേരളത്തിലെ അറിയപ്പെടുന്ന മിക്ക എഴുത്തുകാരുടേയും ആദ്യ സൃഷ്ടികൾക്ക് മഷി പുരണ്ടത് ചന്ദ്രികയുടെ താളുകളിലൂടേയായിരുന്നു.
ചന്ദ്രിക പത്രവും വാരികയും കേരളത്തിലെ മുസ്ലിം നവോത്ഥാനത്തിനു വേണ്ടി നൽകിയ സംഭാവന ചെറുതല്ല. കേരളത്തിലെ പ്രത്യേകിച്ച് മലബാറിലെ ജനങ്ങളെ അക്ഷരാഭ്യാസമുള്ളവരാക്കാനും അക്ഷരം കൂട്ടി വായിക്കാനും, അവരിൽ വായനാശീലം വളർത്താനും മാത്രമല്ല രാഷ്ട്രീയ ബോധവും ദേശീയ ബോധവും വളർത്തതാനുമാണ് സീതിസാഹിബ് ആരംഭിച്ച് ബാഫഖി തങ്ങളുടെ ആശീർവാദത്താൽ വളർന്ന ഈ പത്രം പങ്കുവഹിച്ചതെന്നത് ആരാലും നിഷേധിക്കാൻ സാധിക്കാത്തതാണ്. സി എച്ച് മുഹമ്മദ് കോയ ജീവിതകാലം മുഴുവൻ ലീഗുകാരോട് പറഞ്ഞത് ചന്ദ്രിക വായിക്കാനായിരുന്നു. നിങ്ങളുടെ വാർത്ത കൊടുക്കാൻ പല പത്രങ്ങളും തയ്യാറാവുന്നത് ചന്ദ്രികയുള്ളതുകൊണ്ടാണെന്നു നിങ്ങൾ മനസ്സിലാക്കണമെന്ന് അദ്ദേഹം ലീഗുകാരെ എന്നും ഉണർത്തി.
മുൻ കെ എം സി സി നേതാവും ഖത്തർ ചന്ദ്രിക റിപ്പോർട്ടറുമായിരുന്നു പി എ മുബാറാക് പറഞ്ഞ ഒരു കാര്യമുണ്ട്. കൊച്ചിയിൽ സി എച്ച് മുഹമ്മദ് കോയ യുള്ള ദിവസമാണ് എനിക്ക് ഏറ്റവും കൂടുതൽ ടെൻഷൻ ഉണ്ടാവുകയെന്ന്. സി എച്ചിന് എന്നും പ്രഭാതത്തിൽ ചന്ദ്രിക കിട്ടണം. കോഴിക്കോട് നിന്നുള്ള പത്രം മലബാർ

എക്സ്പ്രസ്സിലാണ് അന്ന് കൊച്ചിയിലെത്തുക. അത്കൊണ്ട് സി എച്ച്ച് കൊച്ചിയിലുള്ള ദിവസം മലബാർ എക്സ്പ്രസ്സ് ലേറ്റാവരുതെന്നാണെന്നു ഞങ്ങളുടെ സ്ഥിരം പ്രാത്ഥന. സി എച്ച്ചിനെപ്പോലെ ചന്ദ്രികയെ സ്നേഹിക്കുന്ന നേതാക്കളും അനുയായികളും ഉണ്ടെങ്കിൽ ചന്ദ്രിക എന്നെന്നും നിലനിൽക്കുക തന്നെ ചെയ്യും.

ചന്ദ്രികയുടെ മുൻ സബ് എഡിറ്ററും എഴുത്തുകാരനുമായ ആറ്റക്കോയ പള്ളിക്കണ്ടി പ്രവാസക്കാലത്തെ ഓർമ്മ പങ്കുവച്ചപ്പോൾ പറഞ്ഞ ഒരു കാര്യമുണ്ട് 'ദുബായിലെ പല റൂമുകളിലും പത്രം വിരിച്ചു ഭക്ഷണം കഴിക്കുമ്പോൾ പലരും ചന്ദ്രിക പത്രം വിരിക്കാൻ വിമുഖത കാണിക്കുമെന്ന്. പഴയകാല മുസ്ലിം ലീഗുകാർ വളരെ പവിത്രമായാണ് ഈ പത്രത്തെ കണ്ടിരുന്നത്.' അവർ അത്രയധികം ഹൃദയത്തിൽ സൂക്ഷിക്കുന്ന പത്രമാണിതെന്ന് ഈ വാക്കുകളിൽ വ്യക്തമാണ്. 1980-കളുടെ ആദ്യത്തിൽ ഖത്തറിൽ നാലക്കം തികച്ചു ശമ്പളം വാങ്ങുന്ന മുസ്ലിം ലീഗ് അനുയായികൾ കുറവായിരുന്നുവെങ്കിലും അന്ന് ഇവിടെ വളരെ സുശക്തമായി പ്രവർത്തിക്കുന്ന ചന്ദ്രിക റീഡേഴ്സ് ഫോറവും, രണ്ടായിരത്തോളം ചന്ദ്രിക വരിക്കാറുമുണ്ടായിരുന്നു എന്നതു ഒരു ചരിത്ര സത്യമാണ്.

മൂന്ന് പതിറ്റാണ്ടു കാലമായി എന്റെ എത്രയോ ലേഖനങ്ങൾ ചന്ദ്രിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. മാത്രമല്ല, രണ്ടു നോവലുകളും ഒരു തുടർക്കഥയും പ്രസിദ്ധീകരിച്ചത് ചന്ദ്രിക വാരികയാണ്. ഒരിക്കൽ സി എച്ച് മുഹമ്മദ് കോയയും ബേബി ജോണും ഗൾഫ് സന്ദർശനത്തിന്റെ ഭാഗമായി ഖത്തറിലുമെത്തി. ഒരു മാസികയ്ക്കു വേണ്ടി മന്ത്രി ബേബി ജോണുമായി ഒരു അഭിമുഖത്തിന് പോയപ്പോൾ അന്ന് ബേബി ജോണിന്റെ മുറിയിലുണ്ടായിരുന്ന സി എച്ച്ച് മുഹമ്മദ് കോയ എന്നെ ബേബി ജോണിന് പരിചപ്പെടുത്തിയത് 'മഹമൂദ് ഞങ്ങളുടെ

ചന്ദ്രികയുടെ എഴുത്തുകാരനാണ്' എന്നായിരുന്നു. അങ്ങിനെ പറയാൻ ഒരു സി എച്ച് മുഹമ്മദ് കോയയും ഒരു പത്രവും മാത്രമേയുണ്ടാവൂ. ആ പത്രം നിത്യ ഹരിതമാക്കാൻ മുസ്ലിം ലീഗ് അനുയായികൾ ആത്മാർത്ഥമായി മുന്നോട്ടു വരേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്.

സി എച്ച് മുഹമ്മദ് കോയ സൂചിപ്പിച്ചതുപോലെ കെട്ടിലും മട്ടിലും ഉള്ളടക്കത്തിലും എത്രയോ മേന്മ പുലർത്തുന്ന പത്രങ്ങൾ ഇന്നുണ്ട്. മുസ്ലിം ലീഗ് വാർത്തകൾ അവർ വളരെ പ്രാധാന്യത്തോടെ പ്രസിദ്ധീകരിക്കുന്നു. അത്കൊണ്ട് ചന്ദ്രികയുടെ ആവശ്യമുണ്ടോ എന്ന് ചോദിക്കുന്ന ചില വിവര ദോഷികളുമുണ്ട്. പക്ഷെ മുസ്ലിം ലീഗിന്റ മുഖ പത്രമായി ചന്ദ്രിക മാത്രമേയുള്ളൂവെന്ന് മനസ്സിലാക്കി, കുറവുകളുണ്ടായാലും ചന്ദ്രിക ദിനചര്യയുടെ ഭാഗമാക്കാൻ ഓരോ മുസ്ലിം ലീഗ്കാരനും ചന്ദ്രികയുടെ ഈ സ്ഥാപന ദിനത്തിൽ പ്രതിജ്ഞയെടുക്കണം. അതായിരിക്കും, അല്ലെങ്കിൽ അത് തന്നെയാണ് മുസ്ലിം ലീഗിന്റെ മൺ മറഞ്ഞു പോയ മഹാന്മാരായ നേതാക്കൾക്കുള്ള നിത്യസ്മാരകം.